## പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 406 06.02.2013 ൽ മറുപടിയ്ക്ക്

## വൈദ്യുതി കണക്ഷന് മുടക്കിയ തുക തിരികെ കിട്ടുന്നതിനുള്ള നടപടിക്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.സത്യൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി) |
| (എ) ബി.പി.എൽ, എസ്.സി, എസ്.ടി വിഭാഗക്കാർക്ക് വൈദ്യുതി കണക്ഷൻ ലഭിയ്ക്കുവാൻ ഏതെല്ലാം തരത്തിലുള്ള മുൻഗണനയും ആനുകൂല്യങ്ങളുമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച കേരള ഇലക്ട്രിസിറ്റി സപ്ളൈ കോഡ് 2005, വകുപ്പ് 7(1) പ്രകാരം 500 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ വിഭാഗത്തിലുള്ള വ്യക്തികളെയും, 1000 വാട്ട്സ് വരെ കണക്ടഡ് ലോഡുള്ള എസ്.സി, എസ്.ടി വിഭാഗത്തിലുള്ള വ്യക്തികളെയും ലൈൻ നീട്ടൽ ആവശ്യമില്ലാത്ത വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് ചെലവാകുന്ന തുക അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ബി.പി.എൽ കുടുംബങ്ങൾക്കും കണക്ടഡ് ലോഡ് പരിധിയില്ലാതെ സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |

(....2)

അപേക്ഷ സമർപ്പിയ്ക്കുന്നതനുസരിച്ചും സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കുന്ന മുറയ്ക്കും വൈദ്യുതി കണക്ഷന് മുൻഗണന നൽകുന്നുണ്ട്.

| | | |
|---|---|---|
| (ബി) ആനുകൂല്യം ലഭിയ്ക്കുവാൻ അർഹതയുള്ളവർ സാമ്പത്തിക ചെലവ് മുൻകൂർ മുടക്കിയാൽ കണക്ഷൻ ലഭിച്ചതിനുശേഷം ഈ തുക അവർക്ക് തിരികെ നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാറുണ്ടോ; | (ബി) & (സി) | ഇല്ല. |
| (സി) എങ്കിൽ ഇതിനു സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദീകരിക്കാമോ? | | |

സെക്ഷൻ ഓഫീസർ